GK/03

# തേൻകിനിയും കൊടുമൺ

പത്തനം തിട്ടയിലെ ഹരിതാഭമായ പഞ്ചായത്താണ് കൊടുമൺ. നോക്കെത്താ ദൂരത്തോളം പച്ച വിരിപ്പിട്ട വയലുകൾ, പച്ചക്കുടകൾ ചൂടിയ റബർതോട്ടങ്ങൾ, എങ്ങും കൃഷിയിടങ്ങൾ, എങ്ങും പച്ച പുതച്ച പ്രകൃതി ഇതു തന്നെയാണ് കൊടുമൺ പഞ്ചായത്തിനെ വ്യത്യസ്ഥമാക്കുന്നത്.

പഞ്ചായത്തിലെ പരമ്പരാഗത കൃഷിരീതിയിൽ നിന്നും വ്യത്യസ്ഥമായിട്ടാണ് പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർ സമഗ്രപദ്ധതി പ്രകാരം തേനീച്ച കൃഷി ആരംഭിച്ചത്. കേരളത്തിനാകെ മാതൃകയാകും വിധമാണ് പഞ്ചായത്തിന്റെ 'സമഗ്ര' പദ്ധതിയുടെ ഭാഗമായി മധുരം എന്ന പേരിൽ തേൻകൃഷി ആരംഭിച്ചത്. മധുരം പ്രൊജക്ടിന്റെ ഒന്നാം ഘട്ടം കൊടുമൺ പഞ്ചായത്ത് വിജയകരമായി കഴിഞ്ഞ മേയ് മാസത്തിൽ പൂർത്തിയാക്കി. രണ്ടായിരത്തി അഞ്ഞൂറോളം കുടുംബശ്രീ പ്രവർത്തകരും സംരംഭത്തിൽ പങ്കാളികളാണ്. പ്രൊജക്ടിന്റെ ആദ്യ ഘട്ടത്തിന്റെ ഉദ്ഘാടനത്തിന് എത്തിയ ആയിരക്കണക്കിനാളുകൾക്ക് തേൻ സർബത്ത് വിതരണം ചെയ്തത് ശ്രദ്ധേയമായി.എക്സ്പോർട്ടിംഗ് അടക്കം വൻവിപണന സാധ്യതകൾ മുൻകണ്ടുകൊണ്ട്. കൊടുമൺ പഞ്ചായത്തിൽ പന്ത്രണ്ട് തേൻഉത്പാദകയൂണിറ്റുകൾപ്രവർത്തിക്കുന്നു. നൂറ്റി ഇരുപതോളം പേർ ഈ യൂണിറ്റുകളിൽ പ്രവർത്തിക്കുന്നു. അവരവരുടെ സൗകര്യവും സമയവുമനുസരിച്ച് ചെയ്യാൻ പറ്റിയ തൊഴിൽ എന്നത് പലരേയും ഈ രംഗത്തേക്കു കടന്നു വരാൻ പ്രേരിപ്പിക്കുന്നുണ്ട്.

അപകടകാരികൾ എന്ന്. പൊതുവിൽ ധരിക്കപ്പെടുന്ന തേനീച്ചകൾ ഇന്നിവിടത്തെ സ്ത്രീകളുടെ പിരിയാത്ത ചങ്ങാതിമാരാണ് മധുരതരമായ സൗഹൃദം . പ്രസിഡന്റ് സിംല രാധാകൃഷ്ണനാണ് തേനീച്ചകൃഷിയുടെ നേതൃസ്ഥാനത്ത്. തേനീച്ച കൃഷിക്കാവശ്യമായ ജീവശാസ്ത്ര പരവും തൊഴിൽപരവുമായ വൈദഗ്ധ്യം ഇവർക്കു നേടിക്കൊടുത്തതിന്റെ പിന്നിൽ റിട്ട. സ്ക്കൂൾ പ്രിൻസിപ്പലായ എൻ.ആർ പ്രസാദിന്റെ മാർഗ്ഗ നിർദ്ദേശങ്ങളാണ്.

ഓരോ ഗ്രൂപ്പ് അംഗങ്ങളും സ്വന്തം വീട്ടുവളപ്പിൽത്തന്നെയാണ് തേനീച്ച വളർത്തുന്നത്. മരങ്ങൾ തളിരുടുന്ന കാലത്ത് നാലു ദിവസം കൂടുമ്പോൾ ഇവർ വിളവെടുക്കുന്നു. ഒരു പെട്ടിയിൽ നിന്നും യഥാക്രമം ഒന്നു മുതൽ മൂന്നു കിലോ വരെ തേൻ ലഭിക്കുന്നു. ഓരോ ഗ്രൂപ്പിനും 12 ലക്ഷം രൂപ സബ്സിഡിയായും 2 ലക്ഷം രൂപ വായ്പ നൽകാനും സാധിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു സീസണിൽ 5000 ടൺ തേൻ ഉദ്പാദിപ്പിക്കാ

നാവുമെന്നാണ് പഞ്ചായത്തിന്റെ ലാഭം. പദ്ധതി ആരംഭിച്ചിട്ടും ശാസ്ത്രീയ സംസ്ക്കരണ പ്ലാന്റ് ആരംഭിച്ചിട്ടില്ലെന്നതു മാത്രമാണ് ഒരു പോരായ്മ. 125 രൂപ നിരക്കിൽ ഉദ്പാദകരിൽ നിന്നും തേൻ എടുക്കുമെന്ന ധാരണ പ്രകാരമാണ് 'സമഗ്ര' പദ്ധതി ആരംഭിച്ചിട്ടുള്ളത്.

ജില്ല - പത്തനംതിട്ട
പഞ്ചായത്ത് - കൊടുമൺ
പ്രസിഡന്റ് - സിംല രാധാകൃഷ്ണൻ

Syril